മിസ്റ്റർ പി. നാരായണമേനോൻ : ഈ വ്യത്യാസം മറ്റുള്ള ഡിപ്പാർട്ട്മെൻറുകളിൽ ജോലി ചെയ്യുന്ന സ്ത്രീയുദ്യോഗസ്ഥമാരോട് കാണിക്കുന്നുണ്ടോ?

Mr. Parambi Lonappen *(Minister for Rural Development)*: That is intellectual labour; this is manual labour. There is a standard rate for the pay given to Government servants.

മിസ്റ്റർ പി. ടി. ജെയിക്കബ്ബ് : നാട്ടിലെ കൂലി നിരക്കനുസരിച്ചാണ് സ്ത്രീകൾക്ക് കൂലിനിശ്ചയിച്ചിട്ടുള്ളതെന്നു പറഞ്ഞു; എന്നാൽ സ്ത്രീകൾക്ക് ഇവിടത്തേക്കാൾ കൂടുതൽ കൂലി ഹാർബറിലും മറ്റും കിട്ടുന്നതായി ഗവൺമെണ്ടു അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഹാർബറിൽ വളരെ എമർജൻസി വർക്കാണ് നടക്കുന്നതു്. അതുകൊണ്ടു് അവർക്കു് ആളുകളെ കിട്ടുന്നതിനുവേണ്ടി കൂലി കൂടുതൽ കൊടുക്കുന്നുണ്ടു്. അങ്ങിനെയുള്ളതല്ല നമ്മുടെ വർക്കു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : എമർജൻസി വർക്കു് ചെയ്യുന്നവർക്ക മാത്രം ജീവിതം കഴിച്ചാൽ മതിയെന്നാണൊ പറയുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതല്ല പറയുന്നതു്. അവർക്കു കൂടുതൽ ആളുകളെ പണിക്കു കിട്ടുന്നതിനുവേണ്ടിയാണു് കൂടുതൽ കൂലി കൊടുക്കുന്നതു .

മിസ്റ്റർ പി. കെ. ഡീവർ : ഹാർബറിലെ കൂലി കൂടുതൽ ആണെന്നാണൊ പറയുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതു് ഞാൻ പറയുന്നില്ല.

Mr. President: Order, order. We have spent 1/3 of the hour allotted to questions, on 2 questions. I would suggest to Hon'ble Members who are fortunate enough to find their questions early on the question paper that it is a little unfair on the less fortunate Members whose questions appear later to take up so much time on the earlier questions. We now pass on to the next question.

AGRICULTURAL IMPLEMENTS

67. Mr. P. Mani *(Kanayannur)*:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ —

(എ) ഏതെല്ലാം താലൂക്കുകളിൽ ഗവൺമെണ്ടിൽനിന്നും കൃഷിക്കാർക്കു ആവശ്യമായ കൃഷി ആയുധങ്ങളും ഇരിമ്പും വിതരണം നടത്തുന്നുണ്ടു്;

(ബി) ഈ വിതരണം ആരു മുഖേന നടത്തുന്നു;

(സി) ഇതിലേക്കു ഒരു സ്പെഷ്യൽ ആഫീസ്സറെ നിയമിച്ചതിനുശേഷം ഫറൂഖ് മുനം നു ംാംനു-വരെ ആകെ എത്ര രൂപയുള്ള സാധനങ്ങൾ കൃഷിക്കാർക്കു വിറ്റു?

Mr. Parambi Lonappen *(Minister for Rural Development)*:

(എ) കൊച്ചി കണയന്നൂർ, മുകുന്ദപുരം, തൃശ്ശിവപേരൂർ, തലപ്പിള്ളി, ചിറ്റൂർ എന്നീ താലൂക്കുകളിൽ കൃഷിയായുധങ്ങളും ഇരിമ്പും വിറ്റുവരുന്നുണ്ടു്. കൊടുങ്ങല്ലൂർ താലൂക്കിലേയ്ക്കു പറ്റിയ കൃഷി ആയുധങ്ങൾ പണിയുന്നതിനു ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

(ബി) വിതരണം താലൂക്കു കൃഷിഇൻസ്പെക്ടർമാർ മുഖേന നടത്തിവരുന്നു.

(സി) ഉദ്ദേശം ൨ ൫,൦ ൦ ൦ ക. ക്കുള്ള ആയുധങ്ങളും ഇരിമ്പും കൃഷിക്കാർക്കു് വിറ്റിട്ടുണ്ടു്.

മിസ്റ്റർ പി. മാണി : കൊച്ചി കണയന്നൂർ താലൂക്കിൽ ഈ സാധനങ്ങൾ എവിടെയാണു് വിറ്റുവരുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ : വയറിലെ കൃഷി ഫാമത്തിലാണു്.

മിസ്റ്റർ പി. മാണി : വയറിലെ ഫാമത്തിൽ നിന്നു് കൊച്ചി കണയന്നൂർ താലൂക്കിന്റെ കഴക്കെ അറ്റത്തേക്കു എത്ര മൈൽ ദൂരമുണ്ടെന്നു ഗവൺമെന്റിനറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ : എന്റെ അറിവിൽ ഏകദേശം പത്തു മൈൽ ദൂരമുണ്ടു്.

മിസ്റ്റർ പി. മാണി : പത്തു മൈയിൽ ദൂരെ നിന്നും വയറിലെ കൃഷി ഫാമത്തിൽ വന്നു് ഈ സാധനങ്ങൾ വാങ്ങുവാൻ അവർക്കു സാദ്ധ്യമാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അവിടെ കൃഷിയാവശ്യത്തിനുള്ള സാധനങ്ങൾ എറണാകുളത്തുവന്നു് അവർ വാങ്ങിച്ചുകൊണ്ടു് പോകുന്നുണ്ടു്. അതുകൊണ്ടു വയറിലയിൽ വന്നു വാങ്ങുന്നതു് അവർക്കൊരു ബുദ്ധിമുട്ടാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. മാണി: എറണാകുളത്തു അവർ വരുന്നതു് കൃഷി ആവശ്യത്തിനുള്ള സാധനങ്ങൾ മാത്രം വാങ്ങുന്നതിനാണൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മറ്റു സാമാനങ്ങൾ വാങ്ങുന്നതുപോലെ ഇതും വാങ്ങും.

മിസ്റ്റർ പി. മാണി: വയറിംഗിലെ ഫാനത്തിൽ മറ്റു സാധനങ്ങൾ എന്തെല്ലാം വാങ്ങാമെന്നു ഗവൺമെണ്ടു പറയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മറ്റു സാധനങ്ങൾ വാങ്ങുന്നതിനു എറണാകുളത്തേക്കു വരുന്ന വഴിക്കാണു് വയറിംഗിലെ ഫാനം. അതുകൊണ്ടു ഇതുംകൂടി വാങ്ങുവാൻ സൌകര്യമുണ്ടാകും.

മിസ്റ്റർ പി. മാണി: ആളുകൾ പേപ്പതിപ്പാറയിൽനിന്നു എറണാകുളത്തു വരുന്നതു് നടന്നതന്നെയാണെന്നു ഗവൺമെൻറിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നടന്നല്ലെങ്കിൽ വണ്ടിക്കു വരും.

മിസ്റ്റർ പി. മാണി: ബസ്സിൽ കയറിയാണു് എറണാകുളത്തു പോകുന്നതെന്നു അറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ബസ്സിൽ കയറിപോകാം. അല്ലെങ്കിൽ കാളവണ്ടി, കുതിരവണ്ടി മുതലായതിൽ കയറിപ്പോകാം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇതു് പഞ്ചായത്തു മുഖാന്തിരം വില്ക്കുവാൻ പാടില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എന്നാണു് ഇതു തുടങ്ങിയതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ൧൯൫൦ മുതലാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എത്ര ഇരിമ്പു് ഗവൺമെണ്ടിൻെറ കയ്യിലുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ൧൫,൦൦൦ കി. യുടെ ഇരിമ്പു വാങ്ങിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിൻെറ തുക്കമെത്രയുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ൧൫൦ ടൺ ഉണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അങ്ങനെ എത്ര ഇരിമ്പു ഈ രാജ്യത്തേക്കു ആവശ്യമുണ്ടെന്നു ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: കൃഷി ആയുധങ്ങൾ ഇന്ന സ്ഥലത്തു കിട്ടുമെന്നു് കൃഷിക്കാരെ ഗവൺമെണ്ടു അറിയിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കടലാസ്സിൽ പബ്ലിഷ് ചെയ്യുവാൻ ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എത്ര ഇരിമ്പു ഇവിടെക്കു വേണമെന്നു കണക്കാക്കി അതുയും ഇവിടെ ശേഖരിക്കേണ്ട ആവശ്യമുണ്ടെന്നു ഗവൺമെണ്ടു മനസ്സിലാക്കീട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: Government of India ആണു് ഇതു് വിതരണം ചെയ്യുന്നതു്. അവർ ഓരോ രാജ്യത്തേക്കും ഓരോ കവാട്ടാ നിശ്ചയിച്ചിട്ടുണ്ടു്. അതുപോലെ കൊച്ചിയിലേക്കും ഒരു കവാട്ടായുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൊച്ചിയിലേക്കുള്ള കവാട്ടാ ഇവിടെ കിട്ടീട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൊച്ചിയിലേക്കു ഇത്ര കോവാട്ടാ വേണമെന്നു് ഇൻഡ്യാ ഗവൺമെണ്ടിൻെറ അടുത്തു നമ്മുടെ ഗവൺമെണ്ടു് റിപ്രസെൻറ ചെയ്തിട്ടുണ്ടൊ? ഉണ്ടെങ്കിൽ എത്രവേണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അതു് റിക്കാർഡുകളിൽ കാണുകയില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: റിക്കാർഡുകളിൽ കാണും. അതു് നോക്കിയെടുക്കുന്നതിനു കുറച്ചു സമയം വേണം. അതുകൊണ്ടാണു് നോട്ടീസുവേണമെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ൪൫,൦൦൦ കി.യുടെ കൃഷിയായുധങ്ങൾ കൊണ്ടു് നമുക്കു് പോരായെന്നു ഗവൺമെണ്ടിനറിയാമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇനിയും വരുന്നുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ ഇരിമ്പു് എത്രകൊല്ലത്തേക്കുള്ള കപാട്ടയാണു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫസ്റ്റ് ഒ-ലേക്കാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എന്നാണു് ഈ കപാട്ടാ അനുവദിച്ചതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് നോക്കി പറയുന്നതിനു കുറച്ചു സമയം വേണം?

Mr. President: I would suggest to the Hon'ble Member that it is hardly to be expected that the Hon'ble Minister carries details of all the dates in his head. If the Hon'ble Member really wishes this information it is well that he gives proper notice of the question.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Will this we taken as notice ?

Mr. President: No, Sir.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know the quantity of iron purchased for this purpose ?

Mr. Parambi Lonappen *(Minister for Rural Development):* We got down altogether 136 tons.

Mr. President: That question has already been put and answered in answer to a supplementary question.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതിനുമുമ്പു് ഓരൊ രാജ്യത്തേക്കും ഇരിമ്പു കപാട്ടായുണ്ടൊയിരുന്നൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മുമ്പില്ലായിരുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: കൊച്ചികണയന്നൂർ താലൂക്കിലെ സമുദ്രതീരപ്രദേശങ്ങളിലെ കൃഷിക്കാർക്കു കൃഷിയായുധങ്ങൾ കൊടുക്കുവാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എല്ലാവർക്കും കൊടുക്കുവാനാണു് ഏർപ്പാടു ചെയ്തിട്ടുള്ളതു്.

മിസ്റ്റർ പി. നാരായണമേനോൻ: കൊച്ചികണയന്നൂർ താലൂക്കിലുള്ള മണ്ണും കൊടുങ്ങല്ലൂർ താലൂക്കിലുള്ള മണ്ണും വ്യത്യസ്ഥ രീതിയിലുള്ളതാണു്. അതുകൊണ്ടു് കൊടുങ്ങല്ലൂർ താലൂക്കിലേക്കു പ്രത്യേക രീതിയിലുള്ള കൃഷിയായുധങ്ങൾ ആവശ്യമുണ്ടു്. അവിടേക്കു ആവശ്യമായ രീതിയിലുള്ള ആയുധങ്ങൾ കൊടുക്കുന്നതിനു എന്താണു് ഏർപ്പാടുചെയ്തിട്ടുള്ളതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഓരൊ സ്ഥലത്തും ആവശ്യമുള്ള രീതിയിലുള്ള ആയുധങ്ങൾ കൊടുക്കുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഓരൊ സ്ഥലത്തേയും മണ്ണിന്റെ രീതിയനുസരിച്ചുള്ള ആയുധങ്ങളാണൊ കൊടുക്കുന്നതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെയുള്ള ആയുധങ്ങൾ ഉണ്ടാക്കിവരുന്നുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഓരൊ സ്ഥലത്തേക്കും ആവശ്യമായ ആയുധങ്ങൾ ഇപ്പോഴില്ലെന്നു ഗവൺമെണ്ടിനറിയാമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആവശ്യമനുസരിച്ചുള്ളതു് ഉണ്ടാക്കിവരുന്നുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: അതു് എന്നേക്കു കിട്ടുവാൻ സാധിക്കും?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒന്നൊ രണ്ടൊ മാസത്തിനുള്ളിൽ കിട്ടുവാൻ സാധിക്കും.

PUTHENKULAM TANK—PAZHANJI

68. Mr. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(*a*) whether there was a petition, dated 14th Dhanu 1120 from C. K. Ittimathew and others of Pazhanji Bazaar, for widening and improving the "Puthenkulam" tank near Eastern Bazaar, Pazhanji;

(*b*) the reply given to those petitioners by Government;

(*c*) whether there is any other public tank in Pazhanji;

(*d*) will the Government be able to find funds to undertake the work next year;

(*e*) what amount will be required to improve that tank to such an extent as to have good and sufficient water for bathing during summer?

LIBRARY ARCHIVES Kerala Legislative Assembly